**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1949** **04-02-2026 - ൽ മറുപടിയ്ക്ക്**

**വിവിധ സ്പോർട്സ് അസോസിയേഷനുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന കായികനയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലകളിലെ വിവിധ സ്പോർട്സ് അസോസിയേഷനുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള ചുമതല സ്പോർട്സ് കൗൺസിൽ അംഗങ്ങൾക്ക് നിശ്ചയിച്ച് നൽകാൻ സർക്കാർ ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (എ) | ഉണ്ട്.<br><br>കായികവികസനത്തിന്റെ വികേന്ദ്രീകൃത സമീപനത്തിന്റെ ഭാഗമായി ജില്ലാതലത്തിൽ സ്പോർട്സ് കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്ക് വിവിധ കായിക ഇനങ്ങളുടെ ചുമതല നൽകാൻ നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ സ്റ്റാന്റിങ്ങ് കമ്മിറ്റിയംഗങ്ങൾക്ക് ചുമതല വീതിച്ച് നൽകിയിരുന്നു. കായിക വകുപ്പിന്റെ പദ്ധതികൾക്ക് രൂപം നൽകുന്നതിന് പ്ലാനിങ് ആന്റ് റിസർച്ച് വിങ്ങ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ വിഭാഗം രൂപികരിക്കുന്ന പദ്ധതികൾ ജില്ലാ സ്പോർട്സ് കൗൺസിലുകൾ വഴിയാകും താഴേത്തട്ടിൽ നടപ്പാക്കുക. അസോസിയേഷനുകളുമായി ചർച്ച നടത്തുകയും അതത് കായിക ഇനങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്യേണ്ട ചുമതല, അതത് DSC എക്സിക്യൂട്ടീവ് അംഗത്തിനാകും. ഇത്തരത്തിൽ വികേന്ദ്രീകൃതമായ ഭരണ സംവിധാനം സ്പോർട്സ് കൗൺസിലിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സ്റ്റാന്റിങ് കമ്മിറ്റി തീരുമാന പ്രകാരം 6 സ്റ്റാന്റിങ് കമ്മിറ്റി അംഗങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ